# ഭാരവാഹിത്വം:
# അലങ്കാരമല്ല, ഉത്തരവാദിത്വമാണ്

സയ്യിദ് സഅ്ഫര്‍ സ്വാദിഖ് മദീനി

ഐഹിക ജീവിതം ഒരു പരീക്ഷണമാണെന്നാണ് ഖുര്‍ആന്‍ പഠിപ്പിക്കുന്നത്. ആ പരീക്ഷണത്തില്‍ വിജയിക്കുന്നവര്‍ക്കാണ് പരലോകവിജയം ലഭിക്കുക. ഖുര്‍ആന്‍ പറയുന്നത് കാണുക.

(الذي خلَق الْموت والْحياةَ ليبلُوكُم أيكُم أحسن عملًا وهو الْعزيز الْغفُور) (الملك: 2)

(നിങ്ങളില്‍ ആരാണ് കൂടുതല്‍ നന്നായി പ്രവര്‍ത്തിക്കുന്നവന്‍ എന്ന് പരീക്ഷിക്കുവാന്‍ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവന്‍. അവന്‍ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു.)

പരീക്ഷണാര്‍ത്ഥമുള്ള ഈ ജീവിതത്തില്‍ ആരാണോ ദൈവിക നിയമങ്ങളുള്‍കൊണ്ട് ജീവിക്കുന്നത് അവര്‍ക്കായിരിക്കും അല്ലാഹുവിന്‍െറയടുത്ത് വിജയവും, മാന്യതയും ലഭിക്കുക. അതല്ലാതെ ജനനമോ, മരണമോ, മറ്റു ഭൗതിക മനാദണ്ഡങ്ങളോ അല്ല. ഖുര്‍ആന്‍ വ്യക്തമാക്കുന്നത് നോക്കുക.

(ياأيها الناس إنا خلَقْناكُم من ذَكَرٍ وأُنثَى وجعلْناكُم شعوبا وقَبائلَ لتعارفُوا إن أَكْرمكُم عند الله أتقَاكُم إن الله علـيم خبِير) (الحجرات: 13 )

(ഹേ; മനുഷ്യരേ, തീര്‍ച്ചയായും നിങ്ങളെ നാം ഒരു ആണില്‍ നിന്നും ഒരു പെണ്ണില്‍ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങള്‍ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീര്‍ച്ചയായും അല്ലാഹുവിന്‍റെ അടുത്ത് നിങ്ങളില്‍ ഏറ്റവും ആദരണീയന്‍ നിങ്ങളില്‍ ഏറ്റവും ധര്‍മ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീര്‍ച്ചയായും അല്ലാഹു സര്‍വ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു).

## പദവികള്‍ അല്ലാഹുവിന്‍െറ അനുഗ്രഹം

ഭൗതികലോകത്ത് ചിലര്‍ക്ക് ലഭിക്കുന്ന പദവികളും, സ്ഥാനമാനങ്ങളും രക്ഷിതാവ് നല്‍കുന്ന അനുഗ്രഹമാണ്, അത് അല്ലാഹുവിന്‍െറ നിശ്ചയ പ്രകാരമാണ് ലഭിക്കുന്നതും, നഷ്ടപ്പെടുന്നതും, അതില്‍ മറ്റുള്ളവര്‍ അസൂയപ്പെടുകയോ, വ്യാകുലപ്പെടുകയോ ചെയ്യേണ്ടതില്ല. ഖുര്‍ആന്‍ പഠിപ്പിക്കുന്നത് ശ്രദ്ധിക്കുക.

تلْك الرسلُ فَضلْنا بعضهم علَى بعضٍ منهم من كَلَّم الله ورفَع بعضهم درجات وآتينا عيسى ابن مريم الْبينات وأَيدناه بِروح الْقُدس (البقرة:253)

(ആ ദൂതന്‍മാരില്‍ ചിലര്‍ക്ക് നാം മറ്റു ചിലരെക്കാള്‍ ശ്രേഷ്ഠത നല്‍കിയിരിക്കുന്നു. അല്ലാഹു (നേരില്‍) സംസാരിച്ചിട്ടുള്ളവര്‍ അവരിലുണ്ട്. അവരില്‍ ചിലരെ അവന്‍ പല പദവികളിലേക്ക് ഉയര്‍ത്തിയിട്ടുമുണ്ട്. മര്‍യമിന്‍റെ മകന്‍ ഈസായ്ക്ക് നാം വ്യക്തമായ ദൃഷ്ടാന്തങ്ങള്‍ നല്‍കുകയും, പരിശുദ്ധാത്മാവ് മുഖേന അദ്ദേഹത്തിന് നാം പിന്‍ബലം നല്‍കുകയും ചെയ്തിട്ടുണ്ട്).

സമ്പത്തും അല്ലാഹുവിന്‍െറ അനുഗ്രഹമാണ്, അതവന്‍ ഉദ്ദേശിക്കുന്നവര്‍ക്ക് നല്‍കുകയും, ഉദ്ദേശിക്കുന്നവരില്‍ നിന്നത് പിടിച്ച് വെക്കുകയും ചെയ്യുന്നതാണ്.

قُل اللهم مالك الْملْك تؤتي الْملْك من تشاءُ وتنزع الْملْك ممن تشاءُ وتعز من تشاءُ وتذل من تشاءُ بِيدك الْخير إِنك علَى كُل شيءٍ قَدير(آل عمران: 26)

(പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവര്‍ക്ക് നീ ആധിപത്യം നല്‍കുന്നു. നീ ഉദ്ദേശിക്കുന്നവരില്‍ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവര്‍ക്ക് നീ പ്രതാപം നല്‍കുന്നു. നീ ഉദ്ദേശിക്കുന്നവര്‍ക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്‍മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.)

സ്ത്രീകളേക്കാള്‍ പുരുഷന്‍മാര്‍ക്ക് അല്ലാഹു പദവികള്‍ നല്‍കിയിരിക്കുന്നു, അത് അവന്റെ അനുഗ്രഹമാണ്. അതിനുള്ള കാരണമെന്തണെന്നും ഖുര്‍ആന്‍ വ്യക്തമാക്കുന്നുണ്ട്.

(الرجالُ قَوامونَ علَى النساءِ بِما فَضلَ الله بعضهم علَى بعضٍ وبِما أَنفَقُوا من أَموالهم) (النساء: 34)

(പുരുഷന്‍മാര്‍ സ്ത്രീകളുടെ മേല്‍ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരില്‍ ഒരു വിഭാഗത്തിന് മറു വിഭാഗത്തേക്കാള്‍ അല്ലാഹു കൂടുതല്‍ കഴിവ് നല്‍കിയത് കൊണ്ടും, (പുരുഷന്‍മാര്‍) അവരുടെ ധനം ചെലവഴിച്ചതുകൊണ്ടുമാണത്. )

## കൈകാര്യകര്‍ത്താക്കളെ അനുസരിക്കുക

സമൂഹത്തെയും, സമുദായത്തെയും നയിക്കാനായി അവരാല്‍ തിരഞ്ഞെടുക്കപ്പെട്ട കൈകാര്യ കര്‍ത്താക്കളെ അനുസരിക്കല്‍ അവരുടെ നിര്‍ബ്ബന്ധ ബാധ്യതയാണ്, അവിടെ സ്വര്‍ത്ഥ താല്‍പര്യമോ, കുടുംബമോ, സമ്പത്തോ, ഭംഗിയോ, നിറമോ പരിഗണിക്കേണ്ടതില്ല. അതാണ് ഖുര്‍ആനും, സുന്നത്തും കൃത്യമായി നമുക്ക് പഠിപ്പിച്ച് തരുന്നത്.

(ياأَيها الذين آمنوا أَطيعوا الله وأَطيعوا الرسولَ وأُولي الْأَمرِ منكُم فَإِنْ تنازعتم في شيءٍ فَردوه إِلَى الله والرسول إِنْ كُنتم تؤمنونَ بِالله والْيومِ الْآخرِ ذَلك خير وأَحسن تأْوِيلًا) (النساء: 59)

‘സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളില്‍ നിന്നുള്ള കൈകാര്യകര്‍ത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങള്‍ക്കിടയില്‍ ഭിന്നിപ്പുണ്ടാകുകയാണെങ്കില്‍ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങള്‍ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കില്‍ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതല്‍ നല്ല പര്യവസാനമുള്ളതും.’

പ്രവാചക സുന്നത്തില്‍ ഒട്ടനവധി സംഭവങ്ങളും, കാര്യങ്ങളും ഈ വിഷയത്തില്‍ നമുക്ക് കാണാവുന്നതാണ്. പ്രവാചകന്‍ﷺ പറയുന്നത് നാം ശ്രദ്ധിക്കുക.

( عن أَنسِ بنِ مالك عنِ النبِي صلى الله علَيه وسلم قَالَ اسمعوا وأَطيعوا وإِن استعملَ حبشي كَأَن رأْسه زبِيبةٌ ) (بخاري)

അനസ്ബ്നു മാലിക്(റ)വില്‍ നിന്നും, നബിﷺ പറഞ്ഞു, “നിങ്ങള്‍ കേള്‍ക്കുകയും, അനുസരിക്കുകയും ചെയ്യുക, ഉണക്ക മുന്തിരിപോലെ ശുശ്കിച്ച ശിരസ്സുള്ള എത്യോപ്യന്‍ നീഗ്രോയാണ് നിങ്ങളുടെ നേതാവെങ്കിലും.” (ബുഖാരി)

## അനുസരണം ത്വാഅത്തിൽ മാത്രം

ഇസ്‌ലാമിക സമൂഹം തെരെഞ്ഞെടുക്കുന്ന അമീറിനെയും, നേതാക്കളെയും, കൈകാര്യ കർത്താക്കളെയും ത്വാഅത്തിൽ അതായത് നൻമയിൽ അനുസരിക്കൽ അവരുടെ നിർബ്ബന്ധ ബാധ്യതയാണ്. അവർ ഖുർആനിനും, തിരുസുന്നത്തിനും നിരക്കാത്ത കാര്യങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് വല്ല നിയമമോ, കാര്യങ്ങളോ നടപ്പിലാക്കുകയാണെങ്കിൽ അതിൽ അവരെ അനുസരിക്കേണ്ടതില്ല. നേതാക്കളുടെയൊക്കെ നേതാവായിരുന്ന മുത്ത്നബിﷺ പഠിപ്പിക്കുന്നത് കാണുക.

( عن عبدالله بن عمر رضي الله عنه عن النبي صلى الله عليه وسلم قَالَ السمع والطاعةُ على المرءِ المسلمِ فيما أحب وكَره ما لم يؤمر بمعصية فَإِذَا أُمر بمعصية فَلَا سمع ولَا طَاعةَ) (بخاري)

അബ്ദുല്ലാഇബ്നു ഉമർ(റ) പ്രവാചകതിരുമേനി(സ)യിൽ നിന്ന്: തിരുമേനി പറഞ്ഞു: "മുസ്‌ലിമായ ഒരു മനുഷ്യൻ ഒരു തിന്മ കൽപിക്കാത്തിടത്തോളം കാലം താൻ ഇഷ്ടപ്പെടുന്നതിലും, വെറുക്കുന്നതിലും നേതാവിനെ അനുസരിക്കുക എന്നുള്ളത് നിർബ്ബന്ധമാകുന്നു, എന്നാൽ തിന്മ കൽപിക്കുകയാണെങ്കിൽ അതിൽ അനുസരണമില്ല" (ബുഖാരി)

ഖുർആനിന്റെ താൽപര്യങ്ങളാണ് നേതാക്കളും, അമീറുമാരും നടപ്പിലാക്കേണ്ടതെന്ന് കൃത്യമായി റസൂലുല്ലാഹ് വ്യക്തമാക്കുന്നു.

عن أُم الْحصين الْأَحمسِية قَالَت سمعت النبي صلى الله عليه وسلم وهو واقف بِعرفَةَ وعليه بردةٌ قَد الْتَفَع بِهـا وهـو يقُولُ اسمعوا وأَطيعوا وإِنْ أُمر عليكُم عبد حبشي ما أَقَام فيكُم كتاب الله) (أحمد- الطبراني في الكبير)

ഉമ്മുൽ ഹുസൈ്വൻ(റ)അൽ അഹ്മസിയിൽ നിന്ന്, അവർ പറയുകയാണ്, നബിﷺ അറഫയിൽ തന്റെ പുതപ്പ് ശരീരത്തിൽ ചുറ്റിപ്പുതച്ചിരിക്കുന്ന വേളയിൽ പറയുന്നതായി ഞാൻ കേട്ടു, "നിങ്ങൾക്ക് ഒരു എത്യോപ്യൻ അടിമയേയാണ് അമീറായി നിശ്ചയിക്കുന്നതെങ്കിലും, അവരെ നിങ്ങൾ ഖുർആൻ നടപ്പിലാക്കുന്നിടത്തോളം കേൾക്കുകയും, അനുസരിക്കുകയും ചെയ്യുക" (അഹ്മദ്, ത്വബ്റാനി)

ഒരു ഹദീസുകൂടി കാണുക.

وعن أبي هريرة ﷺ عن رسول الله ﷺ أنه قال: «من أطاعني فقد أطاع الله، ومن عصاني فقد عصى الله، ومن أطـاع الأمير فقد أطاعني، ومن يعص الأمير فقد عصاني» بخاري

അബൂഹുറൈറ(റ)വിൽ നിന്ന്, റസൂലുല്ലാഹ്ﷺ പറഞ്ഞു, "ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു, ആരാണോ എന്നെ ധിക്കരിക്കുന്നത് അവൻ അല്ലാഹുവിനെ ധിക്കരിച്ചു, ആരാണോ അമീറിനെ അനുസരിക്കുന്നത് അവൻ എന്നെ അനുസരിച്ചു, ആരാണോ അമീറിനെ ധിക്കരിക്കുന്നത് അവൻ എന്നെ ധിക്കരിച്ചിരിക്കുന്നു." (ബുഖാരി)

ഈ ഹദീസിൽ വ്യക്തമാകുന്നത് പ്രവാചകനുള്ള അനുസരണം അല്ലാഹുവിനോടുള്ള അനുസരണമാണ്, കാരണം അല്ലാഹു കൽപിക്കുന്നത് മാത്രമെ പ്രവാചകൻﷺ കൽപിക്കുകയുള്ളൂ, അതുപോലെ അല്ലാഹു വിരോധിക്കുന്നത് മാത്രമെ പ്രവാചകനും വിരോധിക്കുകയുള്ളൂ, അത്കൊണ്ട് തന്നെ പ്രവാചകനെ അനുസരിക്കുന്നത് അല്ലാഹുവിനെ അനുസരിക്കലായി മാറുന്നു. ഇതുപോലെ അമീറിനെ അനുസരിക്കൽ പ്രവാചകനെ അനുസരിക്കലും, അമീറിനെ ധിക്കരിക്കൽ പ്രവാചകനെ ധിക്കരിക്കലുമാണ്. അത്കൊണ്ട് തന്നെ പ്രവാചകൻﷺ കൽപിക്കുന്നതായിരിക്കണം അമീറുമാരും, നേതാക്കളും, കൈകാര്യകർത്താക്കളും തങ്ങളുടെ കീഴിലുള്ളവരോട് കൽപിക്കേണ്ടത്, പ്രവാചകൻﷺ വിരോധിക്കുന്നതായിരിക്കണം അവർ വിരോധിക്കുകയും ചെയ്യേണ്ടത്. അതിൽ

സ്വാർത്ഥതാൽപര്യമോ, വ്യക്തി താൽപര്യങ്ങളോ, വിദ്വേഷമോ, ഒരാളോടുള്ള ഈർഷ്യതയോ, മറ്റു കാര്യങ്ങളോ കടന്ന് വരാൻ പാടുള്ളതല്ല.

അല്ലാഹുവിനെ കൃത്യമായി മനസിലാക്കുകയും, ഭയപ്പെടുകയും, കർമ്മങ്ങളും, പ്രബോധന പ്രവർത്തനങ്ങളും ആത്മാർത്ഥതയോടെ നിർവ്വഹിക്കുകയും ചെയ്യുന്ന പണ്ഡിതൻമാരും, നേതാക്കൻമാരും ശ്രദ്ധിക്കേണ്ട മർമ്മപ്രധാനമായ കാര്യമാണ് നേരായ മാർഗത്തിൽ നിന്ന് വഴി തിരിച്ച് വിടാനായി പിശാചിൽ നിന്നുണ്ടാകുന്ന കുതന്ത്രങ്ങളെ തിരിച്ചറിയുകയെന്നത്. അത്കൊണ്ട് യാതൊരു വിധേയത്വവും കൂടാതെ പണ്ഡിതൻമാരും, നേതാക്കളും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കേണ്ടതുണ്ട്. ഖുർആനിൻെറയും, തിരുസുന്നിൻെറയും പിൻബലമുള്ളത് പൊതുനൻമ ഉദ്ദേശിച്ചകൊണ്ട് ആത്യന്തിക പര്യാവസാനത്തെ കൃത്യമായി അവലോകനം ചെയ്ത് ജനങ്ങൾക്ക് എത്തിച്ച്കൊടുക്കൽ അവരുടെ ഉത്തരവാദിത്വമാണ്. അല്ലാത്തപക്ഷം ആകാശത്തിന് ചുവട്ടിൽ ഏറ്റവും നീചരായ സൃഷ്ടികൾ അവരായിരിക്കും. അതാണ് തിരുദൂതർ നമ്മെ പഠിപ്പിക്കുന്നത്.

## ഉത്തരവാദിത്വം ചോദ്യം ചെയ്യപ്പെടും

അല്ലാഹു നമുക്ക് നൽകുന്ന ഉത്തരവാദിത്വങ്ങളും, ഭാരവാഹിത്യവും, അനുഗ്രഹങ്ങളുമെല്ലാം തന്നെ പരലോകത്ത് ചോദ്യം ചെയ്യപ്പെടുന്നതാണ്. വ്യക്തമായി മറുപടി പറയാതെ ഒരാൾക്കും രക്ഷപ്പെടുവാൻ കഴിയില്ല. ഭൗതികമായ ജീവിതം നയിക്കുന്ന നാമെല്ലാം വ്യത്യസ്ഥമായ മേഖലകളിലെ ഉത്തരവാദിത്യവും, ചുമതലയും ഏൽപിക്കപ്പെട്ടവരാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. നമ്മൾ വീട്ടിലും, നാട്ടിലും, സമൂഹത്തിലും, സംഘടനകളിലും, ഓഫീസുകളിലും, ജോലി സ്ഥലങ്ങളിലും തുടങ്ങി ഒട്ടനവധി മേഖലകളിൽ ചുമതലയേൽപിക്കപ്പെട്ടവരാണ്. അത്കൊണ്ട് തന്നെ ഉത്തരവാദിത്വങ്ങളും, ചുമതലകളും കൃത്യമായി നിർവ്വഹിക്കേണ്ടതുണ്ട്. റസൂലുല്ലാഹ്ﷺ അതിനെ സംബന്ധിച്ച് വ്യക്തമാക്കുന്നത് നാം നോക്കുക.

( عن عبدالله بن عمر رضي الله عنهما أنه سمع رسولَ الله صلى الله عليه وسلم يقُولُ كُلُّكم راعٍ ومسئُولٌ عن رعيته فَالْإمام راعٍ وهو مسئُولٌ عن رعيته والرجلُ في أهله راعٍ وهو مسئُولٌ عن رعيته والْمرأةُ في بيت زوجِها راعيةٌ وهي مسئُولةٌ عن رعيتها والْخادم في مالِ سيده راعٍ وهو مسئُولٌ عن رعيته ... ) (بخاري)

അബ്ദുല്ലാഇബ്നു ഉമർ(റ)വിൽ നിന്ന് നിവേദനം, റസൂലാല്ലാഹ്ﷺ പറുന്നതായി കേട്ടു, (നിങ്ങളെല്ലാവരും ഭരണകർത്താക്കളാണ്, തങ്ങളുടെ ഭരണിയരെ സംബന്ധിച്ച് ഓരോരുത്തരും ചോദ്യം ചെയ്യപ്പെടുന്നതാണ്, ഇമാം ഭരണകർത്താവാണ്, അദ്ദേഹം തൻെറ ഭരണീയരെ സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടും, പുരുഷൻ തൻെറ കുടുംബത്തിലെ ഭരണകർത്താവാണ് തൻെറ കീഴിലുള്ളവരെ സംബന്ധിച്ചവൻ ചോദ്യം ചെയ്യപ്പെടും, സ്ത്രീ തൻെറ ഭർത്താവിൻെറ വീട്ടിലെ നായികയാണ് അവളുടെ കീഴിലുള്ളവരെ സംബന്ധിച്ച് അവളും ചോദ്യം ചെയ്യപ്പെടുന്നതാണ്, വേലക്കാരൻ തൻെറ യജമാനൻെറ സമ്പത്തിൻെറ ചുമതലയേൽപിക്കപ്പെട്ടവനാണ്, അവൻ അതിനെ സംബന്ധിച്ചും ചോദ്യം ചെയ്യപ്പെടുന്നതാണ്) ബുഖാരി.

## റസൂലുല്ലാഹ്(ﷺ) ഉത്തരവാദിത്വം നിർവ്വഹിച്ചു

ഇസ്ലാമിൻെറ പ്രവാചകൻﷺ തന്നിൽ ഏൽപിക്കപ്പെട്ട ഉത്തരവാദിത്വം കൃത്യമായി, പരിപൂർണമായി നിർവ്വഹിക്കുകയും, അതിന് തൻെറ സ്വഹാബക്കളെ സാക്ഷ്യം നിർത്തുകയും ചെയ്തതിന് ശേഷമാണ് ഈ ലോകത്ത് നിന്ന് വിടപറഞ്ഞത്.

( عن أَبِي بكْرَةَ رضي الله عنه قَالَ خطَبنا النبي صلى الله علَيه وسلم يوم النحرِ ... أَلَا هلْ بلغت قَالُوا نعم قَالَ اللهم اشهد فَلْيبلغ الشاهد الْغائب ...) (بخاري)

അബൂബക്കറ(റ)വിൽ നിന്ന് നിവേദനം, ബലിദിനത്തിൽ നബിﷺ ഞങ്ങളോട് പ്രസംഗിക്കുന്നതിനിടയിൽ (ആ ദിവസത്തിൻെറ പ്രത്യേകതയും ശ്രേഷ്ടതയും ബോധ്യപ്പെടുത്തിയതിന് ശേഷം വ്യക്തമാക്കുകയുണ്ടായി) ഞാൻ നിങ്ങൾക്ക് എത്തിച്ച് തന്നില്ലയോ? അവർ പറയുകയുണ്ടായി, അതെ, പറഞ്ഞു, അല്ലാഹുവെ നീ സാക്ഷിയാണ്, ഇവിടെ സന്നിഹ്ദരായവർ അല്ലാത്തവർക്ക് എത്തിച്ച് കൊടുക്കുക...) ബുഖാരി.

## ഉത്തരവാദിത്വം നിർവ്വഹിക്കുക, സ്വർഗത്തിനായി

സ്വാർത്ഥ താൽപര്യങ്ങൾക്കായ് ഏൽപിക്കപ്പെട്ട ഉത്തരവാദിത്വ നിർവ്വഹണത്തിൽ വീഴ്ച വരുത്തുന്നവർ കരുതിയിരിക്കുക, ദുൻയാവിൽ അൽപസ്വൽപം ഗുണം ലഭിക്കുമെങ്കിലും അത് നിത്യ സൗഭാഗ്യ നഷ്ടമായിരിക്കുമെന്ന ബോധം നമ്മുടെ മനസുകളിൽ സ്ഥാനം പിടിക്കേണ്ടതുണ്ട്. പ്രവാചകൻﷺ താക്കീത് നൽകുന്നത് ഗൗരവമായി ഓർക്കുക.

قَالَ رسول الله صلى الله علَيه وسلم : ما من عبد يسترعيه الله رعيةً يموت يوم يموت وهو غَاش لرعيته إِلا حرم الله علَيه الْجنةَ) (بخاري ومسلم )

റസൂലുല്ലാഹ്ﷺ പറയുകയുണ്ടായി, (അല്ലാഹു തൻെറ ഒരു അടിമക്ക് ഒരു കൂട്ടം പ്രജകളുടെ മേൽ ഉത്തരവാദിത്വം ഏൽപിക്കപ്പെട്ടതിന് ശേഷം, ആ പ്രജകളെ വഞ്ചിച്ച് കൊണ്ടാണ് അവൻ മരിക്കുന്നതെങ്കിൽ അവന് അല്ലാഹു സ്വർഗം നിഷിദ്ധമാക്കാതിരിക്കുകയില്ല) ബുഖാരി, മുസ്ലിം

قوله ﷺ: «ليس من وال أمة قلت أو كثرت لا يعدل فيها إلا كبه الله تبارك وتعالى على وجهه في النار) (أحمد)

പ്രവാചകൻﷺ പറഞ്ഞു: "ആരെങ്കിലും ചെറുതോ, വലുതോ ആയ ഒരു സമുദായത്തിൽ നേതാവായിട്ട് അതിൽ നീതി പുലർത്തിയില്ലെങ്കിൽ അല്ലാഹു അവൻെറ മുഖത്തെ നരകത്തിൽ പ്രവേശിപ്പിക്കുന്നതാണ്" അഹ്മദ്

## ഉത്തരവാദിത്വം ചോദിച്ച് വാങ്ങരുത്

സമൂഹത്തിൻെറ നായകത്വവും, നേതൃത്വവും നേടിയെടുക്കുവാനായി ഏത് മാർഗവും സ്വീകരിക്കുന്ന ഒരു സമൂഹത്തെയാണ് നമുക്ക് കാണാനാവുന്നത്. അങ്ങിനെ നേടിയെടുക്കുന്നവർ ചിന്തിക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യമാണ് റസൂലുല്ലാഹ്ﷺ താഴെ വരുന്ന ഹദീസിൽ വ്യക്തമാക്കുന്നത്.

( عن أَبِي ذَر قَالَ قُلْت يا رسولَ الله أَلَا تستعملُنِي قَالَ فَضرب بِيده علَى منكبِي ثُم قَالَ يا أَبا ذَر إِنك ضعيف وإِنها أَمانةُ وإِنها يوم الْقيامة خزي وندامةٌ إِلا من أَخذَها بِحقها وأَدى الذي علَيه فيها ) (مسلم)

അബൂദർറ്(റ)വിൽ നിന്ന്, (എന്നെ നിങ്ങൾ ചുമതലയേൽപിക്കുന്നില്ലയോ എന്ന് റസൂലുല്ലാഹ്ﷺയോട് ഞാൻ ചോദിക്കുകയുണ്ടായി, അപ്പോൾ എൻെറ ചുമലിൽ തട്ടിക്കൊണ്ട് പറയുകയുണ്ടായി, അല്ലയോ അബൂദർറ്, താങ്കൾ ബലഹീനനാണ്, തീർച്ചയായും അത് അമാനത്താണ്, തീർച്ചയായും പദവികളും സ്ഥാനങ്ങളും അർഹമായ രൂപത്തിൽ ലഭിക്കുകയും, അർഹമായ രൂപത്തിൽ അത് നിറവേറ്റാത്തവർക്കത് പരലോകത്ത് നിന്ദ്യതയും, ഖേദവുമായിരിക്കും) മുസ്ലിം.

## അവസാന നാളിൻെറ അടയാളം

( عن أَبِي هريرةَ قَالَ بينما النبِي صلى الله علَيه وسلم في مجلسٍ يحدثُ الْقَوم جاءَه أعرابِي فَقَالَ متى الساعةُ ... قَالَ أين أُراه السائلُ عنِ الساعة قَالَ ها أنا يا رسولَ الله قَالَ فَإِذَا ضيعت الْأَمانةُ فَانتظرِ الساعةَ قَالَ كَيف إِضاعتها قَالَ إِذَا وسد الْأَمر إِلَى غَيرِ أَهله فَانتظرِ الساعةَ) (بخاري)

അബൂഹുറൈറ(റ)വിൽ നിന്ന്, (നബിﷺ ഒരു കൂട്ടമാളുകളോട് സംസാരിച്ച് കൊണ്ടിരുന്ന സമയം ഒരു ഗ്രാമീണനായ വ്യക്തി വന്ന്കൊണ്ട് ചോദിക്കുകയുണ്ടായി, എപ്പോഴാണ് അവസാന നാൾ?... (അൽപ സമയത്തിന് ശേഷം ചോദിക്കുകയുണ്ടായി) അവസാന നാളിനെ കുറിച്ച് ചോദിച്ച വ്യക്തി എവിടെ? പറഞ്ഞു, അല്ലാഹുവിൻെറ തിരുദൂതരെ, ഞാനിതാ ഇവിടെ, നബിﷺ പറഞ്ഞു, അമാനത്ത് പാഴാക്കി കളയുകയാണെങ്കിൽ നീ അവസാന നാൾ പ്രതീക്ഷിക്കുക. ചോദിക്കപ്പെട്ടു, എങ്ങിനെയാണ് അത് പാഴാക്കികളയുന്നത്? നബിﷺ പറഞ്ഞു, കാര്യങ്ങളെ അതിൻെറ യഥാർത്ഥ വ്യക്തികളിലേക്കല്ലാതെ ഏൽപിക്കപ്പെടുകയാണെങ്കിൽ നീ അവസാന നാൾ പ്രതീക്ഷിക്കുക) ബുഖാരി.

( عن أَبِي هريرةَ رضي الله عنه قَالَ قَالَ رسولُ الله صلى الله علَيه وسلم إِذَا ضيعت الْأَمانةُ فَانتظرِ الساعةَ قَالَ كَيـ ف إِضاعتها يا رسولَ الله قَالَ إِذَا أُسنِد الْأَمر إِلَى غَيرِ أَهله فَانتظرِ الساعةَ ) (بخاري)

അബൂഹുറൈറ(റ)വിൽ നിന്ന്, (നബിﷺ പറയുകയുണ്ടായി അമാനത്ത് പാഴാക്കി കളയുക യാണെങ്കിൽ നീ അവസാന നാൾ പ്രതീക്ഷിക്കുക. ചോദിച്ചു, എങ്ങിനെയാണ് അത് പാഴാക്കികളയുന്നത്? പറഞ്ഞു കാര്യങ്ങളെ അതിൻെറ യഥാർത്ഥ വ്യക്തികളിലേക്കല്ലാതെ ഏൽപിക്കപ്പെടുകയാണെങ്കിൽ നീ അവസാന നാൾ പ്രതീക്ഷിക്കുക) ബുഖാരി.

## നേതാക്കൾ മാതൃകകളാവുക

സമുദായ നേതൃത്വവും, നായകരും, സംഘടനാ നേതാക്കളും, പണ്ഡിതൻമാരും ഉമറാക്കളും അനുയായികൾക്ക് മാതൃകകളാകേണ്ടതുണ്ട്. ഇസ്‌ലാമിക നിയമങ്ങളും, പ്രവാചക സുന്നത്തുകളും തൻെറ വിശ്വാസത്തിലും, കർമ്മങ്ങളിലും, വേഷങ്ങളിലും, ശരീരത്തിലും, സ്വഭാവത്തിലും നിഴലിച്ച് കാണേണ്ടതുണ്ട്. കാരണം അനുയായികൾ തങ്ങളുടെ നേതാക്കളെയും പണ്ഡിതൻമാരെയും വീക്ഷിച്ച്കൊണ്ടിരിക്കും. അത്കൊണ്ട് തന്നെ അല്ലാഹുവിനെ ഭയപ്പെടുകയും, അനുയായികൾക്ക് മാതൃകായോഗ്യരായി തീരുകയും ചെയ്യേണ്ടതുണ്ട്. പറയുന്നതിനനുസരിച്ച് നടക്കുന്നില്ലായെങ്കിൽ പണ്ഡതിൻമാരും, നേതാക്കളും എത്രതന്നെ പണിയെടുത്തിട്ടും കാര്യമില്ല, പരലോകത്ത് പ്രതിഫലം ലഭിക്കുകയില്ലായെന്ന് മാത്രമല്ല, അല്ലാഹുവിൽ നിന്നു ഭയാനകമായ ശിക്ഷയും കോപവുമായിരിക്കും അവന് ലഭിക്കുക. അതാണ് ഖുർആൻ പറയുന്നത്:

يا أَيها الذين آمنوا لم تقُولُونَ ما لَا تفْعلُونَ (2) كَبر مقْتا عند الله أَنْ تقُولُوا ما لَا تفْعلُونَ) (الصف:3)

**‘സത്യവിശ്വാസികളേ, നിങ്ങൾ ചെയ്യാത്തതെന്തിന് നിങ്ങൾ പറയുന്നു? നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നുള്ളത് അല്ലാഹുവിങ്കൽ വലിയ ക്രോധത്തിന് കാരണമായിരിക്കുന്നു’.**

വിശ്വാസ-കർമ്മ ശുദ്ധീകരണത്തോടൊപ്പം തന്നെ അനിവാര്യമായ ഒന്നാണ് സ്വഭാവ ശുദ്ധീകരണമെന്നത്. താൻ ജീവിക്കുന്ന കുടുംബത്തിലും സമൂഹത്തിലും ഒട്ടനവധി സഹജീവികളുണ്ട്. അവരുമായുള്ള ഇടപാടുകളിലും, ഇടപഴകലിലും ഇസ്‌ലാം വിഭാവനം ചെയ്യുന്ന സ്വഭാവ സംസ്കരണം തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയെന്നത് ഒഴിച്ചു കൂടാൻ

പാടില്ലാത്ത ഒന്നാണ്. പ്രവാചകൻﷺ മുഴുവൻ ജനങ്ങൾക്കും മാതൃകയായിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ, ലോകൈക നാഥൻ തിരുനബി(സ)യെ കുറിച്ച് പ്രഖ്യാപിക്കുന്നത് കാണുക:

(وإنك لَعلى خلُقٍ عظيم) (القلم: 4)

**'തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.'**

വീണ്ടും കാണുക:

(لقَد كَانَ لَكُم في رسولِ الله أُسوةٌ حسنةٌ لمن كَانَ يرجو الله واليوم الآخر وذَكَر الله كَثيرا) (الأحزاب: 21 )

**'തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.'**

പ്രവാചകൻﷺയുടെ സ്വഭാവമന്വേഷിച്ച് വന്നവരോട് ആയിശാ(റ) വ്യക്തമാക്കി കൊടുക്കുന്നത് തിരുനബിﷺയുടെ സ്വഭാവം ഖുർആനായിരുന്നുവെന്നാണ്. അത്കൊണ്ട് സമുദായ നേതാക്കളും, നേതൃത്വവും, സംഘടനാ നേതാക്കളും, ഭാരവാഹികളും, ഉമറാക്കളുമെല്ലാം കഴിവിൻെറ പരമാവധി പരലോക രക്ഷക്കായ്, നരക മോചനത്തിനും സ്വർഗപ്രവേശനത്തിനുമായി അല്ലാഹുവിനെ സൂക്ഷിക്കുകയും, ഇസ്‌ലാമിക ചിട്ടയോടെ ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം മറ്റുള്ളവർക്ക് മാതൃക കൂടി ആയിതീരുക.

## അബൂബക്കർ(റ)വിൻെറ ഉത്തരവാദിത്വ ബോധം

പ്രവാചകൻﷺ വളർത്തിക്കൊണ്ട് വന്ന സമൂഹമാണല്ലോ സ്വഹാബികൾ. അവരിൽ ഏറ്റവും ഉന്നതനായിട്ടുള്ളത് അബൂബക്കർ(റ)വാകുന്നു. താൻ ഇസ്‌ലാമിൻെറ ഖലീഫയായ സാഹചര്യത്തിൽ പ്രഥമമായി നടത്തിയ പ്രസംഗം ഇബ്നു കഥീർ തൻെറ സീറത്തുന്നബവിയ്യയിൽ ഉദ്ദരിക്കുന്നുണ്ട്. അതിൽ ഇപ്രകാരം കാണാം:
(അബൂബക്കർ സംസാരിക്കുവാനാരംഭിച്ചു, അല്ലാഹുവിനെ സ്തുതിക്കുകയും, വാഴ്ത്തിപ്പറയുകയും ചെയ്തു, അതിന് ശേഷം പറയുകയുണ്ടായി, ജനങ്ങളെ ഞാൻ നിങ്ങളുടെ മേൽ ചുമതലയേൽപിക്കപ്പെട്ടിരിക്കുന്നു, ഞാൻ നിങ്ങളേക്കാൾ ഉത്തമനല്ല, ഞാൻ നല്ലത് പ്രവർത്തിച്ചാൽ നിങ്ങൾ എന്നെ സഹായിക്കുക, ഞാൻ ചീത്തകാര്യം ചെയ്യുമ്പോൾ നിങ്ങളെന്നെ നേരെയാക്കുക, സത്യം അമാനത്താണ്, കളവ് വഞ്ചനയും, നിങ്ങളിൽ ദുർബലൻ എൻെറയടുത്ത് അവൻെറ അവകാശങ്ങൾ അവന് വാങ്ങി കൊടുക്കുന്ന കാര്യത്തിൽ ശക്തവാനാണ്, നിങ്ങളിൽ ശക്തവാൻ അവനിൽ നിന്നും അവകാശങ്ങൾ പിടിച്ച് വാങ്ങുന്ന കാര്യത്തിൽ എൻെറയടുത്ത് ദുർബ്ബലനുമാണ്...)

ഇതുപോലെ ഉമർ(റ)വും തൻെറ ഖിലാഫത്തിൻെറ തുടക്കത്തിൽ ജനങ്ങളുടെ മുമ്പാകെ വ്യക്തമാക്കിയതായി നമുക്ക് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അങ്ങിനെ അവർ തങ്ങളുടെ പ്രസംഗത്തിനനുസരിച്ച് തന്നെയായിരുന്നു പ്രവർത്തിച്ചതും, ഉത്തരവാദിത്വങ്ങൾ പൂർത്തീകരിച്ചിരുന്നതും.

## അല്ലാഹുവിൻെറ തണൽ

സംഘടന, മഹല്ല് സംവിധാനം, മതസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, സാമൂഹ്യ സംവിധാനങ്ങൾ തുടങ്ങി വ്യത്യസ്ഥ മേഖലകളിൽ ഉത്തരവാദിത്വമേൽപിക്കപ്പെട്ടവരാണ് നാം. അത്കൊണ്ട് തന്നെ നമ്മിൽ ഏൽപിക്കപ്പെട്ട

ഉത്തരവാദിത്വങ്ങൾ കൃത്യമായി പക്വതയോടെ നിറവേറ്റുക. എങ്കിൽ പരലോകത്ത് രക്ഷപ്പെടുവാൻ സാധിക്കുന്നതാണ്. ആരുടെയും തണൽ ലഭിക്കാത്ത സമയത്ത് അല്ലാഹുവിൻെറ തണൽ ലഭ്യമാകുന്നവരിൽ റസൂൽﷺ ഒന്നാമതായി പറയുന്നത് നീതിമാനായ ഭരണാധികാരിയെന്നതാണ്.

( عن أَبِي هريرةَ عن النبِي صلى الله عليه وسلم قَالَ سبعةٌ يظلهم الله في ظله يوم لَا ظل إلا ظله الْإِمام الْعادلُ وشـاب نشأَ في عبادة ربه ورجلٌ قَلْبه معلق في الْمساجِد ورجلَان تحابا في الله اجتمعا علَيه وتفَرقَا علَيه ورجلٌ طَلَبته امـرأَةٌ ذَات منصبٍ وجمالٍ فَقَالَ إِني أَخاف الله ورجلٌ تصدق أَخفَى حتى لَا تعلَم شمالُه ما تنفق يمينه ورجلٌ ذَكَـر اللـه خاليا فَفَاضت عيناه) (بخاري)

അബൂഹുറൈറ(റ)വിൽ നിന്ന്, നബിﷺ പറയുകയുണ്ടായി, (അല്ലാഹുവിൻെറ തണലല്ലാതെ മറ്റാരുടെയും തണൽ ലഭിക്കാത്ത സന്ദർഭത്തിൽ അല്ലാഹുവിൻെറ തണൽ ലഭിക്കുന്ന ഏഴ് വിഭാഗമാളുകളുണ്ട്, നീതിമാനായ ഭരണാധികാരി, തൻെറ രക്ഷിതാവിനെ ആരാധിച്ച്കൊണ്ട് വളർന്ന യുവാവ്, ഹൃദയം പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വ്യക്തി, രണ്ടാളുകൾ അല്ലാഹുവിന്വേണ്ടി ഇഷ്ടപ്പെടുകയും അതിന് വേണ്ടി ഒരുമിക്കുകയും, അതിന് തന്നെ വേർ പിരിയുകയും ചെയ്തു, കുലീനയും സൗന്ദര്യവതിയുമായ സ്ത്രീ തിൻമക്ക് ക്ഷണിച്ചിട്ട് ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നുവെന്ന് പറഞ്ഞ് പിൻമാറിയ വ്യക്തി, വലത് കൈ ചിലവഴിച്ചത് ഇടത് കൈപോലും അറിയാതെ രഹസ്യമായി സ്വദഖകൾ നൽകിയ വ്യക്തി, തനിച്ചിരുന്ന് അല്ലാഹുവിനെ ഓർത്ത് കരഞ്ഞ് വ്യക്തി ) ബുഖാരി.

അല്ലാഹുവിനെ ഭയപ്പെട്ട്, പരലോക രക്ഷക്കായ് ഉത്തരവാദിത്വങ്ങളും, ചുമതലകളും കൃത്യമായി നിറവേറ്റുക. അല്ലാഹു അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ.